**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 450** **23-07-2021 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ വാച്ചർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിലെ വിവിധ വാച്ചർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | ഇവയിൽ നിന്ന് എത്ര നിയമനങ്ങൾ നടന്നുവെന്നും നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത തസ്തികകളിലെ അംഗീകൃത അംഗബലം എത്രയെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വാച്ചർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും എൻ.ജെ.ഡി. ഉൾപ്പെടെ ആകെ 157 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. എൻ.ജെ.ഡി. ഉൾപ്പെടെ 9 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാച്ചർ തസ്തികയുടെ ആകെ അംഗീകൃത അംഗബലം 209 ആണ്. |
| (സി) | വാച്ചർ തസ്തികയിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; ടി തസ്തികകളിലെ സ്ഥാനക്കയറ്റം യഥാസമയം നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | അനുവദനീയ വാച്ചർ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. ടി തസ്തികകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നത്. ജില്ലാ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് ടി തസ്തികകളുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ആറ് ശമ്പള സ്കെയിലിൽ ഉള്ള (ഓഫീസ് അറ്റൻഡന്റ്, വാച്ചർ തസ്തികയിൽ ഉള്ളവർ ഉൾപ്പെടെ) ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ ജില്ലാതല സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ക്ലാർക്ക്/ ടൈപ്പിസ്റ്റുമാരായി തസ്തിക മാറ്റം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ